LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എ. സ്കീമനുസരിച്ച് ചെലവഴിക്കാതെ വന്ന തുക

*21 [507] ശ്രീ. ലൂഡി ലൂയീസ് :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. സ്കീമനുസരിച്ച് ഈ വർഷം എന്തു തുകയാണ് സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിച്ചത്;

(ബി) അതിൽ ഇതുവരെ എന്തു തുകയാണ് ചെലവാകാതെ വന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ചെലവാകാതിരുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ തുക ചെലവാകാതെ വന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) 8939 ലക്ഷം രൂപ.

(ബി) കഴിഞ്ഞ വർഷം ചെലവഴിക്കാതെ ബാക്കി വന്ന തുകയുൾപ്പെടെ 28-2-2005 വരെ 7100 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 8939 ലക്ഷം രൂപയിൽ 3000 ലക്ഷം അനുവദിച്ചത് 2-3-2005-ൽ മാത്രമാണ്.

(സി ആന്റ് ഡി) ബാധകമല്ല.

തീരദേശ വാസികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

*22 [508] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
,, ബിനോയ് വിശ്വം :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുംദാരിദ്ര്യവും പകർച്ചവ്യാധികളും തീരദേശവാസികളെ ദുരിതത്തിലെത്തിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശവാസികളെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സുനാമി ദുരന്തത്തിനു ശേഷം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ഇതുവരെ എന്തെല്ലാം സഹായങ്ങളാണ് എത്തിച്ചുകൊടുത്തതെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല

(ബി ആന്റ് സി) സുനാമിബാധിതരായ തീരദേശനിവാസികൾക്ക് പുനരധിവാസത്തിനായി റവന്യൂ മത്സ്യബന്ധന വകുപ്പുകൾ ഉൾപ്പെട്ട വിവിധ വകുപ്പുകൾ പല പദ്ധതികളും നടപ്പിലാക്കി വരുന്നു. സൗജന്യ റേഷൻ, നഷ്ടപ്പെട്ട വീടിനുപകരം പുതിയ വീട് നിർമ്മിച്ചു നൽകൽ, കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധനോപകരണങ്ങൾ നന്നാക്കുന്നതിനും, പുതിയവ വാങ്ങുന്നതിന് ധനസഹായം നൽകൽ തുടങ്ങിയവ ഈ പദ്ധതികളിൽ ഉൾപ്പെടും.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വെള്ളക്ഷാമം പരിഹരിക്കാൻ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ

1 [2890] ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വേനൽ കടുത്തതോടുകൂടി വെള്ളക്ഷാമം രൂക്ഷമായി തീർന്നത് നേരിടുന്നതിന് എന്തെല്ലാം അടിയന്തിര നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്;

(ബി) കഴിഞ്ഞ വർഷത്തെ കൊടുംവരൾച്ചയിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം നൽകാൻ കേന്ദ്രം എന്തു തുകയാണ് സംസ്ഥാനത്തിന് നൽകിയത്;

(സി) മൊത്തം എന്തു തുകയുടെ നാശനഷ്ടം ഉണ്ടായി എന്നാണ് കണക്കാക്കിയിട്ടുള്ളത്; എന്ത് തുകയാണ് സഹായധനമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടത്;

(ഡി) നാശനഷ്ടം നേരിട്ട കൃഷിക്കാർക്ക് ഇതുവരെ എന്തു തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി മരാമത്ത് പണികൾക്ക് ഭരണാനുമതി നല്കുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് പിൻവലിച്ചു. വിവിധ ജില്ലകളിൽ ആവശ്യാനുസരണം കുടിവെള്ള വിതരണം നടത്തുന്നതിന് ജില്ലാകളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly